## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.915 01.03.2017-ലെ മറുപടി

### മലപ്പുറം ജില്ലയിലെ വരൾച്ച നേരിടാനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.അബ്ദു റബ്ബ്:** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| എ ഈ വർഷത്തെ കൊടുംവരൾച്ചയുടെ പശ്ചാത്തലത്തിൽ മലപ്പുറം ജില്ലയിൽ പൊതുവേയും തിരൂരങ്ങാടി മണ്ഡലത്തിൽ പ്രത്യേകിച്ചും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനും വരൾച്ച നേരിടുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദവിവരം ലഭ്യമാക്കുമോ? | എ വേനൽക്കാലത്തെ കുടിവെള്ളക്ഷാമത്തെ നേരിടുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള വിവിധ പദ്ധതികളുടെ സ്രോതസ്സുകൾക്ക് സമീപം നദികളിൽ തടയണകൾ സ്ഥാപിച്ച് വെള്ളം സംഭരിച്ച് നിർത്തുന്ന പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. അധിക പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അധിക പമ്പിംഗിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സ്രോതസ്സുകളിൽ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തികളും ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തിരൂരങ്ങാടി മണ്ഡലത്തിൽപ്പെടുന്ന പരപ്പനങ്ങാടി, തിരൂരങ്ങാടി മുൻസിപ്പൽ പ്രദേശങ്ങളിലെ മൂന്ന് പദ്ധതികളുടെ സ്രോതസ്സായ കടലുണ്ടി പുഴയിൽ നീരൊഴുക്ക് കുറഞ്ഞു വരികയാണ്. ഒഴുക്ക് മുറിയുന്ന സാഹചര്യത്തിൽ സമീപത്തെ കയങ്ങളിൽ ലഭ്യമായ ജലശേഖരങ്ങളിൽ നിന്നും കിണറുകളിലേയ്ക്ക് പമ്പ് ചെയ്യുന്നതിന് ആവശ്യമായ സംവിധാനം ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ടാങ്കർ ലോറികൾക്ക് വെള്ളം നൽകുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.<br>വരൾച്ചയുടെ പശ്ചാത്തലത്തിൽ ഭൂജല വകുപ്പ് മലപ്പുറം ജില്ലയിൽ 256 കുഴൽ കിണർ കൈപമ്പുകൾ റിപ്പയർ ചെയ്യുന്നതിനും ഒരു ചെറുകിട കുടിവെള്ള പദ്ധതി നവീകരിക്കുന്നതിനും വേണ്ടിയുള്ള പ്രവൃത്തികൾ നടന്നു വരുന്നു. തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല ഗ്രാമപഞ്ചായത്തിൽ 15 കുഴൽ കിണറുകളിലെ കൈപമ്പുകൾ റിപ്പയർ ചെയ്യുന്ന പ്രവൃത്തികൾ ടെൻഡർ ചെയ്ത് നടപ്പാക്കി വരുന്നു.<br>വരൾച്ച നേരിടുന്നതിന്റെ ഭാഗമായി, മലപ്പുറം ഇറിഗേഷന്റെ കീഴിൽ നിർമ്മിച്ചിട്ടുള്ള എല്ലാ |

നിർമ്മിതികളിലും (വി.സി.ബി, വിസി.ബി കം ബ്രിഡ്ജ്, ആർ.സി.ബി, ചെക്ക് ഡാം) ഷട്ടറുകൾ ഇട്ട് വെള്ളം തടഞ്ഞ് നിർത്തിയിട്ടുണ്ട്. ഇടത്തരം പദ്ധതികൾ ആയ കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ്, ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ്, പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജും ഇവയിൽ ഉൾപ്പെടും. തിരൂരങ്ങാടി മണ്ഡലത്തിലേത് ഉൾപ്പെടെ മലപ്പുറം ജില്ലയിലെ 331 കുളങ്ങൾ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ 66 പ്രവൃത്തി കളുടെ ഡി.പി.ആർ തയ്യാറാക്കി ജില്ലാഭരണകൂടത്തിനു സമർപ്പിച്ചിട്ടുണ്ട്. പരപ്പനങ്ങാടി നഗരസഭയിലെ പൂരപ്പുഴക്ക കുറുകെ പാറയിലും ഓൾഡ് കട്ടിലെ പൂരപ്പറമ്പ് ലോക്കിലും താൽക്കാലിക തടയണ നിർമ്മിച്ചിട്ടുണ്ട്. ഉപ്പുവെള്ള പ്രതിരോധത്തിനായി പരപ്പനങ്ങാടി നഗരസഭയിലെ ന്യൂകട്ടിന് കുറുകെ ലോക്കിന്റെ നിർമ്മാണത്തിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

Renuka Sankar
സെക്ഷൻ ഓഫീസർ